# കേരള കാർഷിക സർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്

കാസറഗോഡ്–671310, 0467 226632, rarspil@kau.in


ബി3-1381/2025 തീയതി: 22.05.2025

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ N1, NARP ബ്ലോക്കുകളിലെ കിണറുകളുടെ ആഴം കൂട്ടുന്നതിനായി അടിഭാഗത്ത് കോൺക്രീറ്റ് റിംഗ് നിർമ്മിക്കാൻ പ്രസ്തുത ജോലികളിൽ പ്രാവീണ്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി3-1381/2025** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയ്യതി | **29.05.2025 ഉച്ചയ്ക്ക് 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയ്യതി | **29.05.2025 ഉച്ചയ്ക്ക് 3.30 മണി** |
| ദർഘാസ് കാലാവധി | **ഒരു വർഷം** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **കിണറുകൾക്ക് റിംഗ് നിർമ്മിക്കുന്നതിനുള്ള ദർഘാസ്** |

ഇതുമായി ബന്ധപ്പെട്ട ഉപയോഗിക്കുന്ന സാധനങ്ങളുടെ ഏകദേശ എസ്റ്റിമേറ്റ് താഴെ കൊടുക്കുന്നു.

| **സാധനം** | **അളവ്** |
|---|---|
| സിമന്റ് | 45 ചാക്ക് |
| മെറ്റൽ | 150 അടി |
| പൂഴി | 300 അടി |
| 8mm സ്റ്റീൽ ബാർ | 58 kg |
| 10 mm സ്റ്റീൽ ബാർ | 128.8 kg |
| GI വയർ | 4 kg |
| Iron nail 2" | 5 kg |

**ലേബർ ചാർജ് ഉൾപ്പെടെ മേൽപ്പറഞ്ഞ മുഴുവൻ സാധനങ്ങളുടെയും നിരക്കാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.**

**നിബന്ധനകൾ:**

1. പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ **29.05.2025 ന് ഉച്ചയ്ക്ക് 3 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ ലഭിക്കുന്ന വിധത്തിൽ അയക്കേണ്ടതോ ആണ്.**
2. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കൃത്യ സമയത്ത് കിട്ടിയ ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്കുതന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
3. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
4. വിജയിക്കുന്ന ദർഘാസുകാരൻ ആകെ തുകയുടെ 5% സെക്യൂരിറ്റി അടയ്ക്കേണ്ടതാണ്.

-മറുപുറം-

5. EMD ഇനത്തിൽ 2300/- രൂപ അടയ്ക്കേണ്ടതാണ്.

6. ദർഘാസിൽ പറഞ്ഞ മുഴുവൻ ജോലികളും പൂർത്തീകരിച്ച ശേഷം ബിൽ ഹാജരാക്കിയാൽ TDS കിഴിച്ച തുക ബാങ്ക് അക്കൗണ്ട് മുഖേന അനുവദിക്കുന്നതായിരിക്കും.

7. ജോലിക്ക് നിയോഗിക്കപ്പെടുന്ന തൊഴിലാളിയുടെ നിയമപരമായ പരിരക്ഷ ദർഘാസുകാരനിൽ നിക്ഷിപ്തമായിരിക്കും. പ്രവൃത്തി ഏറ്റെടുത്ത് നടത്തവെ തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കും.

8. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

/ഉത്തരവിൻ പ്രകാരം/

ഒപ്പ്/-

സാബു ജോസഫ്

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

1. ഡോ.മീരമഞ്ജുഷ.എ.വി, അസിസ്റ്റന്റ് പ്രൊഫസർ i/c ഫാം
2. ശ്രീമതി.ഗീത.എം, ഫാം സൂപ്രണ്ട്
3. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
4. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
5. വാട്ട്സാപ്പ് ഗ്രൂപ്പ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ